
ശാസ്താംകോട്ട ഗവ.എച്ച്.എസ്.

# വൈഖരി



(ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ )

ശാസ്ത്രാവബോധം മാനവനന്മക്ക് '



# എഡിറ്റോറിയൽ

ഹൈടെക് പദ്ധതിയായ ലിറ്റിൽ കൈറ്റ്സ് എന്ന ഐടി മേഖല കൂടുതലായി വഴർന്നതോടുകൂടി വിദ്യാർത്ഥികളിലേക്ക് തന്റെ കാവ്യശകലങ്ങളും കഥാശകലങ്ങളും കൂട്ടിച്ചേർത്ത് നല്ല ഒരു മാഗസിന്റെ പകർപ്പു തന്നെ ഉണ്ടാക്കാൻ കഴിഞ്ഞിരിക്കുന്നു. ഈ മേഖലയിനിന്ന് ആർജിച്ച നിരവധി കാര്യങ്ങള് തന്റേതായ ബുദ്ധിപ്രായോഗികമായി അവതരിപ്പിക്കാൻ കുട്ടികള്ക്ക് കഴിഞ്ഞു. ഇന്നത്തെ തലമുറ കൂടുതലായി ഐടി മേഖലയിൽ ശ്രദ്ധാലുക്കളായതിനാൽ അതിന്റെ പിന്നിലെ വിജയം ലോകത്തിനു മുന്നില് തുറന്നു കാട്ടാൻ കഴിയും.

ലിറ്റിൽ കൈറ്റ്സ് എന്ന ഹൈടെക് പദ്ധതി അറിവിന്റെ പുതിയ  സാങ്കേതികവിദ്യകൾ തുറന്നു കാട്ടുന്നു.നാളെയുടെ പുത്തൻ വാഗ്ദാനങ്ങളായ വിദ്യാർത്ഥികൾ ഈ സാങ്കേതികവിദ്യയിലൂടെ നാളത്തെ ശാസ്ത്രജ്ഞരോ മറ്റ് ഐ.ടി മേഖലകളിലെ പ്രഗല്ഭരായ മനുഷ്യവ്യക്തിത്വങ്ങളെ തിരഞ്ഞെടുക്കുന്നതിന് ഇത് സഹായകമാവുന്നു. ഗോളത്തിന്റെ അവിരാമമായ പ്രയാണത്തിനിടയിൽ അതിന്റെ ഒരു കോണിലിരുന്ന് ആശ്ചര്യത്തോടെ നോക്കിക്കാണാൻ മനുഷ്യൻ കൈവരിച്ച നേട്ടങ്ങൾ   നഷ്ടപ്പെടാതിരിക്കാൻ ഇത് ഫലപ്രദമായിത്തീരട്ടെ...

# EDITORIAL BOARD

Chief Editor : BodhiPrakash

Sub Editor

: Ambadi T Raj

Anno Mahith Jose

Althaf Muhammed

Archa .S

Suvitha

Suma .s (kite mistress)


Claisy Thankan (kite mistress)

Cover Designing : Anzil .N



സന്ദേശം

ശാസ്താംകോട്ട ഗവ . ഹൈസ്കൂലെ ലൈറ്റിൽ കൈറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ ആദ്യ സംരംഭമായ വൈഖരി ഡിജിറ്റൽ മാഗസിന് ആശംസകൾ



ഹെഡ് മിസ്ട്രസ്

അനിത കുമാരി എം പി

# താളുകൾ മറിക്കുമ്പോൾ

## മലയാള വിഭാഗം

തേങ്ങുന്ന കായൽ ........................................................................................

ഹിരോഷിമ ..................................................................................................

സൂര്യഗീതം ..................................................................................................

തെളിമാനം ..................................................................................................

എന്റെ പൊന്നു പൂമ്പാറ്റ ...................................................................................

മാനത്തെ മാമൻ ............................................................................................

ഗ്രാമം ........................................................................................................

അച്ഛൻ .......................................................................................................

പൂമ്പാറ്റകൾ .................................................................................................

ലേഖനങ്ങൾ ..................................................................................................

മഹാത്മാ ഗാന്ധി ............................................................................................

ഹൈ ടെക് @ ക്ലാസ് റൂം ...................................................................................

പാഠപുസ്തകത്തിലെ ചന്ദ്രൻ ...............................................................................

ആഗോള താപനം ...........................................................................................

## ENGLISH SECTION

POEMS

More Love MorePower.......................................................................................

Little Boy And Oldman...............................................................................................

THe Mountain And Squirrel.........................................................................................

Mother.........................................................................................................................

STORYS

The Horse Riding.......................................................................................................

A True Friend.............................................................................................................

ARTICLES

Jawaharlal Nehru.....................................................................................................

Life And Literature.....................................................................................................



# ആമുഖം

നാദപ്രവാഹ ധോരണിയിൽ നിന്നുയിർക്കൊണ്ട പ്രപഞ്ചം. ആ സത്യങ്ങള് തേടിയുള്ള യാത്രയിൽ ശാസ്ത്രവും സാഹിത്യവും സംഗീതവും സാങ്കേതികവിദ്യയും അവന് നിധികുംഭങ്ങളായി. ഈ നിധിശേഖരങ്ങനിലേക്ക് മിഴി തുറക്കാൻ വിടരുന്ന മൊട്ടുകളായ വഴികാട്ടികളായി ഗുരു ശ്രേഷ്ഠന്മാർ .ഹിമകണം പോലെ തെളിനീരേകി നാടിനെ കുളിരണിയിക്കുന്ന ശാസ്താംകോട്ട തടാകവും മതമൈത്രിയുടെ കിരണങ്ങൾ വിരിയിച്ച് അമ്പലവും മുസ്ലീം പള്ളിയും ക്രസ്ത്യൻ പള്ളിയും തണലേകുന്ന സരസ്വതീ ക്ഷേത്രം



കാലചക്രത്തിന്റെ കറക്കത്തിനൊപ്പം കോലം കെട്ടിയാടുന്ന ഈ ലോകയാത്രയിൽ വായനയും പുസ്തകവുമൊക്കെ വേലിയ്ക്കപ്പുറത്തേക്ക് വലിച്ചുമാറ്റപ്പെട്ടിരിക്കുന്നു. അതിന്റെ സ്ഥാനം ഇന്ന് വിരൽ തുമ്പിൽ വിവരങ്ങളറിയുന്ന വിവര സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ കൈയടക്കിയിരിക്കുന്നു

മാറ്റങ്ങളെ അംഗീകരിച്ചേ മതിയാകൂ. പൂമ്പാറ്റകളെ പോലെ പറന്നു കളിക്കുന്ന കുരുന്നു പ്രതിഭകളുടെ സർഗവൈഭവംഈ വൈഖരിയിൽ അനർഗ്ഗളമായി ഒഴുകിയിറങ്ങട്ടെ

# തേങ്ങുന്ന കായൽ



കളകളമുഴുകുന്ന കായലിൻ മാറത്തു
പരൽമീൻ നീന്തി തുടിക്കുകയായി
താലോലമാടുന്ന കാറ്റിന്റെ കൈകളാൽ
കുഞ്ഞോളം തുള്ളി കളിക്കയായി
കൈകൾ കോർത്തു ഒന്നായി വന്നൊരു
തിരയെ പിടിവിട്ടു കുഞ്ഞോളം പതിയെ
നീങ്ങുയായി
തമ്മിൽ പിരിയാതെ കുഞ്ഞുമീൻ തീരത്തെ
ചുംബിച്ചു കായലിൽ നീന്തി
തുടിക്കയായി
കാണ്മാനായി വന്നോർക്കു കൊഞ്ചലായി തുള്ളിയും
ആയിരം ജീവന്റെ കേന്ദ്രമായി നിന്നിടും
കാലത്തിൻ മാറ്റത്തിൽ രൂപത്തെ മാറ്റിയും
ഈ നാടിന് കീർത്തി പരാതി വാണീടും കായലെ
നിൻ മാഹാത്മ്യം  ഓർക്കും ഞാൻ
ദാഹമകറ്റി കാക്കുന്നതോർത്തിടും കായലിൻ
ഹരിതാഭ മോർത്തു ഞാൻ നിന്നിടുമെന്നും
നിൻ മാഹാത്മ്യം ഓർത്തു സ്തുതിച്ചിടും
കായലെ നിൻ രൂപമെന്നും നിലനിർത്താൻ
നിന്റെ ഈ കാന്തി പരന്നു വിളങ്ങിടാൻ
നിന്നിലെ ജീവനെ കൊന്നിടും മാലിന്യം
നീക്കി തെളിമ പരത്താനായി യത്നിക്കാം

Abhirami. S
IX.A




# ഹിരോഷിമ

ഞാനൊരു ഹിരോഷിമ
നീരുമൊരു മനസ്സിന്റെടമ
നെഞ്ചിൽ തീയുമായ്
പത്തനായിരങ്ങളിലേക്കു പടർന്നവൾ
യുഗങ്ങൾ കൈകോർത്തു പിടിച്ച
തെരുവുകൾ
കത്തിയെരിയുമ്പോൾ
ഭ്രാന്തിയെപ്പോലെ അലമുറയിട്ടവൾ
കാലം പകതീർത്ത് കാരുണ്യത്തോടോ
വൈകല്യങ്ങളുടെ മഞ്ചത്തിൽ നിന്നുയരുന്ന
വിഷപുകയിൽ
ശാലീന ബാല്യങ്ങൾക്കിന്നും ശ്വാസംമുട്ടുന്നു



# സൂര്യഗീതം



സൂര്യദേവാ നമസ്കാരം

കാര്യമായ്ത്തന്നെയോതിടാം

ലോകമെല്ലാം തിളക്കുന്ന

ഏകസുന്ദരനാണു നീ

ഇരുളിന്റെ നെടുംകോട്ട

കരുത്താല് തട്ടി നീക്കി നീ

വെളിച്ചത്തില് മഹാശക്തി

തെളിയിച്ചവനാണു നീ

കുളിക്കും കടലില് ചെന്ന്

കുതിക്കും പ്രാചിഭാഗമായ്

തെളിക്കുംനിൻ രഥം മേലെ

കൊതിക്കും നോക്കി നില്ക്കുവോർ

ഭൂമിയെന്ന മഹാഗോളം

ജീവികള്ക്കുള്ള ഗേഹമായ്

ദയയാല് തീർത്തിടും ദേവാ

നിനക്കു സർവ്വ മംഗളം

by

Bodhi Prakash

STD:9A



## എന്റെ പൊന്ന് പൂമ്പാറ്റ

പാറി വരുന്നോ പൂമ്പാറ്റേ-പാറി
വരുന്നോ പൂമ്പാറ്റേ.
പൊൻ കരളാണെൻ പൂമ്പാറ്റ
പൊന്നഴകാണെൻ പൂമ്പാറ്റ
പൂന്തേനുണ്ണാൻ വരുന്നില്ലേ
പൂക്കളിലിരിക്കാൻ വരുന്നില്ലേ
പൊന്നിൻ പുലരിയില് എന്നേന്നു-പാറി
നടക്കും പൂമ്പാറ്റ.
എന്ത് മൃദുവാ പൂമ്പാറ്റ-പൊൻ
നിറമാണെൻ പൂമ്പാറ്റ.
പുത്തനുടുപ്പുകള് ചാർത്തി-പാറി
നടക്കും പൂമ്പാറ്റ.



ഐശ്വര്യ എസ പ്രസാദ്



മാനത്തെ മാമൻ

ആകാശമേഘങ്ങള്ക്കിടയിലന്നുമെൻ-

മുന്നിലെത്തുന്നൊരു മാമനുണ്ടേ

നക്ഷത്രക്കുഞ്ഞുങ്ങള്ക്കിടയിലൂടെ

വിലസിനില്ക്കുന്നൊരമ്പിളി മാമൻ



ഒരുനാളില് ഞങ്ങള് മാമന്റെ വീട്ടില്

അനുവാദം കൂടാതെ കയറിച്ചെന്നു

അന്നാളില് ഞങ്ങള് കണ്ടതോ വെറും

ഗർത്തങ്ങളും കൂർത്ത കല്ലുകളും മാത്രം

മറുനാളില് മാമൻ ഞങ്ങളെ

വീട്ടിലേക്കൊന്നു ക്ഷണിച്ചു

അന്നാളില് ഞങ്ങള് കണ്ടതു

ജീവനെ ജീവനാക്കീടുന്ന ജീവജലം

ഇനി വൈകയില്ലിതാ, പോയീടും ഞങ്ങള് തൻ

മാമന്റെ വീട്ടില് സ്ഥിരമായി പാർക്കുവാൻ

ഏറെനാളില്ലയീ ഭൂമി എന്നോതുമ്പോള്

ഭയമില്ല, മാനത്ത് മാമന്റെ വീടുണ്ടേ

by

Sanjumol

STD:9A



little KITEs

17 ഗ്രാമം





തോടുണ്ട് തോട്ടിൻ കരയിലു

കളിവീട്
പോലുള്ള ചെറുവീടുകൾ

വയലുണ്ട്,വരമ്പുണ്ട്,വരമ്പിലുണ്ട്

കരിമ്പനക്കൂട്ടം

വളവുണ്ട്,വഴിയുണ്ട്,വഴിയിലുണ്ട്

കരിയിലക്കൂട്ടം കരയണുണ്ട്

പ്ലാവുണ്ട്,മാവുണ്ട്,മാവിലുണ്ട്

മാങ്ങ പഴുത്ത് കിടക്കണുണ്ട്

കാലത്ത് കാലികള് മേയുന്നോരിടമുണ്ട്

ഇടമാകെ പുല്ല് വളരണുണ്ട്

കാലിയുടെ വയറ് നിറയണുണ്ട്

കുന്നിൻ മേലുണ്ട് പൂരങ്ങള്

പൂരം കാണാൻ ആളുണ്ട് ആനയുണ്ട്

പൂരം കണ്ട് രസിച്ചോളു

ഐശ്വര്യ എം എസ് 6B



# അച്ഛൻ

അച്ഛനെ കണ്ടില്ല ഞാൻ

ഒരു സ്വപ്ന ജാലകം തുറന്നിട്ടു

കണ്ടുമായുന്നെന്റെ അച്ഛനെ....

അച്ഛനില്ലാത്ത ദുഃഖം ഞാനറിയുന്നു

എത്ര നാളായി ഞാൻ കൊതിക്കുന്നു

എവിടെയെൻ അച്ഛൻ

എവിടെയെൻ അച്ഛൻ

അച്ഛനെ കണ്ടില്ല ഞാൻ

ഇന്നേക്ക് ഞാൻ ജനിച്ചിട്ട് പത്ത് വർഷം

ഞാൻ കാണാതെ എവിടെയെൻ അച്ഛൻ

പൂക്കള് ആടിപ്പാടി രസിക്കുമ്പോള്

ഞാനറിയുന്നു എൻ ദുഃഖം....

എങ്കിലും എൻ അച്ഛൻ വരുമെന്ന്

പ്രതീക്ഷകള് മാത്രം



By

Indu varsha 6b

# പൂമ്പാറ്റകൾ

പാറി നടപ്പാണേ,പാറി നടപ്പാണേ

മുറ്റത്ത് പാറി നടപ്പാണേ

വർണങ്ങൾപലതുള്ള പൂമ്പറ്റകളെല്ലാം

പാറി നടപ്പാണേ മുറ്റത്ത് പാറി നടപ്പാണേ

പൂക്കളിലെ തേൻ നുകരാൻ കാലത്തും

രാത്രിയും പോകുമല്ലോ

പൂന്തോട്ടങ്ങളിൽ പാറി നടന്ന് തേൻ

നുകരുലോ തേൻ നുകരുലോ

പാറി നടപ്പാണേ,പാറി നടപ്പാണേ

മുറ്റത്ത് പാറി നടപ്പാണേ വർണങ്ങളിൽ

പലതുള്ള പൂമ്പാറ്റകളെല്ലാം പാറി നടപ്പാണേ

മുറ്റത്ത് പാറി നടപ്പാണേ


Jayalakshmi

Std 6 b



**മഹാത്മാഗാന്ധി**

1869 ഒക്ടോബർ മാസം രണ്ടാം തീയതി ഗുജറാത്തിലെ പോർബന്തറിലാണ് ഗാന്ധിജി ജനിച്ചത്.അച്ഛൻ കരംചന്ദ് ഗാന്ധി.അമ്മ പുത് ലീ ഭായി.ഭാര്യ കസ്തൂർബാ ഗാന്ധി. ഗാന്ധിജിയുടെ പൂർണമായ പേര് മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നാണ്.ഇന്ത്യയിലെ ജനങ്ങള്ക്ക് വേണ്ടി ഗാന്ധിജി ബ്രിട്ടീഷുകാർക്കെതിരെ മരണംവരെ പോരാടി. സത്യാഗ്രഹമായിരുന്നു ഗാന്ധിജിയുടെ സമരമാർഗം.ഗാന്ധിജിയുടെയും മറ്റ് സ്വാതന്ത്ര്യസമര സേനാനികളുടെയും സമരത്തിന്റെ ഫലമായി 1947 ആഗസ്റ്റ് പതിനഞ്ചാം തീയതി നമ്മള്ക്ക് സ്വാതന്ത്രം ലഭിച്ചു.തുടർന്ന് 1948 ജനുവരി മുപ്പതാം തിയതി നാഥൂറാം വിനായക് ഗോഡ്സേ എന്ന മതഭ്രാന്തന്റെ ഗാന്ധിജി മരണമടഞ്ഞു. ഗാന്ധിജിയുടെ സമാധി സ്ഥലം ഡല്ഹിയിലെ രാജ്ഘട്ടിലാണ് .ഗാന്ധിജിയുടെ നൂറ്റി അൻപതാം പിറന്നാളാണ് നാം കഴിഞ്ഞ വർഷം നാം ആഘോഷിച്ചത്




Ampadi T Raj 9B



**അജിത.ജി.എസ്**

**(സീനിയർ അസിസ്റ്റന്റ്,മുൻ sitc)**



# ഹൈടെക്@ ക്ലാസ്സ്റൂം

കേരളത്തിലെ പൊതുവിദ്യാഭ്യാസം വളരയേറെ മുന്നോട്ട് പോയിരിക്കുകയാണ്. ഇപ്പോള് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നത് അതിന്റെ ഒരു ഉത്തമ ഉദാഹരണമാണ്. ഇതിന്റെ ഭാഗമായി 2018-2019 അക്കാദമിക വർഷത്തില് കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ഹൈസ്കൂള് തലം മുതല് ഹയർസെക്കന്ററി തലം വരെ ക്ലാസ്സ് റൂമുകള് ഹൈടെക്ആക്കി. അന്താരാഷ്ട്രനിലവാരത്തിലേക്ക് പഠനപ്രവർത്തനം ഉയർത്തുന്നതിലേക്കായി, ആധുനികസാൻകേതികവിദ്യയുടെ എല്ലാ സാധ്യതകളും ക്ലാസ്സ് റൂമുകളില് ലഭ്യമാക്കി പഠനപ്രവർത്തനങ്ങള്ക്ക്പുത്തൻ ഊർജ്ജം പകർന്നു.

അദ്യാപകർ അവരവരുടെ വിഷയത്തില് വ്യക്തമായ ബോധനത്തോടെ പാഠഭാഗങ്ങള് കൈകാര്യംചെയ്യാൻ പ്രാപ്തരായി. ക്ലാസ്സ് റൂമുകളില് അതിനുള്ള എല്ലാസാഹചര്യങ്ങളും ഒരിക്കിയിട്ടുണ്ട്. സമഗ്ര, ഇൻന്റർനെറ്റ്, മൊബയില് ഫോണ്എന്നിവയുടെ ഉപയോഗം ഇതില് പ്പെടുന്നു. എല് സി ഡി പ്രൊജക്റ്റർ, സൗണ്ട് ബൊക്സ്എന്നിവയുടെ സഹായത്താല് എല്ലാ വിഷയവും ഫലപ്രദമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നു. മലയാളം കവിതകള്

കേള്ക്കാനും, കലാരൂപങ്ങള് പരിജയപ്പെടുന്നതിനും, ഭാഷാവിഷയങ്ങള്ക്ക് തിയറ്റർപ്രവർത്തനങ്ങള്ക്ക് ഫലപ്രദമാണ്. ഗണിതം രസകരമാക്കാൻ ജിയൊജിബ്ര പൊലെയുള്ള സൊഫ്റ്റ് വയറുകള് പ്രയൊജനം ചെയ്യുന്നു. ബയൊളജിയില് എല്ലാ പ്രവർത്തനങ്ങളും വിഡിയൊയുടെ സഹായത്താല് കുട്ടികളില് എത്തിക്കാൻ കഴിയുന്നു. സാമൂഹ്യശാസ്ത്രത്തിന്റകാര്യം ഒട്ടും വ്യത്യസ്തമല്ല വൻകരകളുടെയും മറ്റും കാര്യങ്ങള് വ്യക്തമാക്കാൻ സാധിക്കുന്നു, ഫിസിക്സില് (Stellarium) പരീക്ഷണങ്ങള് ആയാസമില്ലാതെ ചെയ്യാം. കെമിസ്ട്രിക്കും Gperiodic , Kalzium ഇത്തരം സൊഫ്റ്റ് വയറുകളുടെ സഹായത്താല് ചെയ്യാവുന്നതാണ്.

ഐ സി റ്റി സാധ്യത എത്തിയതൊടെ കുട്ടികള് ക്ലാസ്സ് റൂം ലൈവാക്കി.ഇ- റിസോഴ്സും , ഇ- ടെക്സ്റ്റ്ബുക്കും കുട്ടികളിലെ പഠനപ്രവർത്തനങ്ങള്ക്ക്ആക്കംകൂട്ടി. സമൂഹം കംപ്യൂട്ടർ യുഗത്തിലേക്ക് സഞ്ചരിക്കുബൊള് കുട്ടികള്ക്ക് ഹൈടെക് അറിവ് ഒരു മുതല് കൂട്ട് തന്നെയാണ്. കുട്ടികള്ക്ക് മതിലുകളില്ലാത്ത അറിവിന്റ ലോകത്തേക്ക് യഥേഷ്ടം സഞ്ചരിക്കാം. വിവിധ ബ്ളോഗുകളും , സമഗ്രപോലുള്ള വിദ്യാഭ്യാസ പോർട്ടുകളും അവനിലെ ഗവേഷണ വാസന ഉണർത്തുന്നു. കുട്ടികളിലെ കഴിവ് തിരിച്ചറിയാൻ ഇത്തരം ഹൈടെക് പഠനപ്രവർത്തനങ്ങള് പ്രയൊജനം ചെയ്യുന്നു.

ആധുനിക സാൻകേതിക വിദ്യയുടെ പ്രവർത്തനങ്ങള് മൂലം ക്ലാസ്സ് റൂം വിരസത മാറി എല്ലാകുട്ടികളും പഠനപ്രവർത്തനങ്ങളില് പങ്കാളികളാകുന്നു. വിവര സാങ്കേതിക അറിവുകളുടെ ലെദ്യത വ്യത്യസ്ത രൂപത്തില് ക്ലാസ്സ് റൂമില് ലദ്യമാകുന്നു.അങ്ങനെ ക്ലാസ്സ് റൂം അല്ല കേരളം @ ഹൈടെക്.

# പാഠപുസ്തകത്തിലെ ചന്ദ്രൻ

ചന്ദ്രൻ ഭൂമിയുടെ പ്രകൃതിദത്തമായ ഒരേയൊരു ഉപഗ്രഹമാണെന്നും അത്

ഭൂമിയേക്കാള് ചെറുതാണെന്നും ഭൂമിയെക്കാള് ചെറുതാണെന്നും അത് ഭൂമിയെക്കാള് ചെറുതാണെന്നും ഭൂമിയില് നിന്നും ഏകദേശം 3.5 ലക്ഷം മുതല് നാല് ലക്ഷം വരെ കിലോമിറ്റർ അകലെയാണെന്നും കൂട്ടുകാർ പഠിച്ചിട്ടുണ്ടാകും.അമാവാസി,പൗർണമി ഗ്രഹണം മുതലായ പദങ്ങളും കൂട്ടുകാർക്ക് പരിചിതമായിരിക്കും ചന്ദ്രനില് ആദ്യം ഇറങ്ങിയ നീല് ആംസ്ട്രോങ്ങ് ഇന്ന് നമ്മോടൊപ്പമില്ല.ആവിദൂര ഗോളത്തില്നിന്ന് ആംസ്ട്രോങ്ങ് പറഞ്ഞവാക്കുകള് മനുഷ്യന് ഒരു ചെറിയ കാല് വയ്പ്പ് എന്നാല് മാനവരാശിയുടെ മഹത്തായ കുതിച്ചുചാട്ടം എന്നായിരുന്നല്ലോ; പിന്നീട് നാം പലതവണ ചന്ദ്രനിലിറങ്ങി മണ്ണ് ശേഖരിച്ചു.മനുഷ്യനിർമ്മിത റോവുകള് ചന്ദ്രനില് ഓടിച്ചു, ജലസാന്നിധ്യം കണ്ടെത്തി ഇപ്പോഴിതാ അവിടെ ടൂറിസ്റ്റ് ബംഗ്ലാവുകള് പണിയാനുള്ള തുടക്കത്തിലാണ് കാലമെത്ര കഴിഞ്ഞാലും ചെറിയൊരു പെട്ടി ക്കുടുപോലുള്ള മുറിയില് പരിമിതമായ ശാസ്ത്രസാങ്കേതിക സൗകര്യങ്ങളില് മനുഷ്യൻ നടത്തിയ സാഹസികത കാലം കാലംനമിക്കുന്നകർമധീരതയാണ്

**Nadhiya**

**8B**



# ആഗോളതാപനം



ആഗോളതാപനം ഇന്ന് ലോകമെങ്ങും ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്

.കാരണം ഭൗമോപരിതലത്തിലെ താപനില ഇന്നത്തേത് നിലയിൽ വർദ്ധിച്ചുകൊണ്ടിരുന്നാൽ ഇവിടുത്തെ ജൈവവ്യവസ്ഥ തന്നെ താറുമാറാകും. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവി സമൂഹം പ്രതിസന്ധിയിലാകും.

ഭൂമിക്ക് ചൂട് കൂടിക്കൊണ്ടിരിക്കുന്നു ..സൂര്യന്റെ അഗ്നിവർഷത്തിൽ സർവ്വം കത്തി ചാമ്പലാകുന്നു.ദിനംപ്രതി അന്തരീക്ഷത്തിൽ എത്തിച്ചേരുന്ന കാർബൺ ഡൈ ഓക്സൈഡ് ,മീതെയ്ൻ ,നൈട്രസ് ഓക്സൈഡ് , ക്ലോറോഫ്ളൂറോകാർബൺ ,നീരാവി തുടങ്ങിയ ഹരിതഗൃഹ വാതകങ്ങളുടെ തോത് കൂടിക്കൊണ്ടിരിക്കുന്നു .ഇവ ഒരു പുതപ്പുപോലെ പ്രവർത്തിച്ച് സൂര്യ പ്രകാശത്തിലുള്ള ഇൻഫ്രാറെഡ് രശ്മികളെ പുറത്തേക്കുവിടാതെ തടഞ്ഞു നിർത്തുന്നു.ഹരിത ഗൃഹ പ്രഭാവം എന്ന ഈ പ്രതിഭാസം ഭൂമിയുടെ താപനില ഉയർത്തും.അങ്ങനെ ചൂട് കൂടുന്നതാണ് ആഗോള താപനം മഞ്ഞുമൂടിക്കിടക്കുന്ന ധ്രുവപ്രദേശങ്ങളിൽ മഞ്ഞില്ലാതാകുന്ന കാലം അകലെയല്ല .ആർട്ടിക് പ്രദേശത്തെ ഐസ് ഓരോ പത്തുവർഷത്തിലും 8% വീതമാണ് കുറയുന്നത് ......ഇങ്ങനെ പോയാൽ 2060 ആകുമ്പോഴേക്കും ആർട്ടിക്കിൽമഞ്ഞില്ലാതാകും അന്റാർട്ടിക്കയിൽ കഴിഞ്ഞ 50 വർഷത്തിനിടെ ഉരുകിത്തീർന്നത് 13000 sq km സമുദ്ര ഐസ് ആണ് ........ആർട്ടിക് ധ്രുവത്തിൽ ഏകദേശം 125 വൻതടാകങ്ങളും അപ്രത്യക്ഷമായി . ഈയിടെ പുറത്തു വന്ന യു .എൻ .പരിസ്ഥിതി റിപ്പോർട്ടനുസരിച്ച് 2035 നകം ഹിമാലയത്തിലെ മഞ്ഞുമുഴുവൻ ഉരുകിത്തീരും . ആഗോളതാപനം ഏറ്റവുമധികം ദുരന്തം വിതക്കുന്ന രാജ്യങ്ങളിൽ ഇന്ത്യയും ഉൾപ്പെടുന്നു.2100 ആകുമ്പോഴേക്കും അന്തരീക്ഷ താപനില 4 - 8 ഡിഗ്രി സെൽഷ്യസ് കൂടും . മഞ്ഞുരുകിയുണ്ടാകുന്ന ജലപ്രവാഹത്തിൽ 70 ലക്ഷം ജനങ്ങൾ ഒഴുകിപ്പോകും. 5700 ചതുരശ്ര km സ്ഥലവും + 200km റോഡും നഷ്ടപ്പെടും . പലയിടത്തും ഭക്ഷ്യക്ഷാമമുണ്ടാകും . കാലാവസ്ഥ വ്യതിയാനം മൂലം കൊതുകുകൾ പെരുകാനിടയാകും . തൽഫലമായി മലമ്പനി, ഡെങ്കിപ്പനി , ചിക്കൻഗുനിയ തുടങ്ങിയ രോഗങ്ങൾ വർദ്ധിക്കും. വെള്ളപ്പൊക്കമുണ്ടായാൽ കോളറ ,ടൈഫോയിഡ് തുടങ്ങിയ പകർച്ചവ്യാധികൾ പകർന്നുപിടിക്കും . സമുദ്രനിരപ്പ് ഉയർന്നു പ്രധാന പട്ടണങ്ങളെല്ലാം വെള്ളത്തിലാകും . ജലാശയങ്ങളിൽ ഉപ്പുവെള്ളം നിറയും . ഇപ്പോൾത്തന്നെ കാലാവസ്ഥ വ്യതിയാനം അനുഭവപെട്ടു തുടങ്ങിയിട്ടുണ്ട്തിരുത്തൽ നടപടികൾക്ക് ഇനിയും സമയമുണ്ട് . സുന്ദരമായ ഈ ഭൂമിയെ സംരക്ഷിക്കുമെന്ന്

നമുക്ക് പ്രതിജ്ഞയെടുക്കാം. 




Suma .S

(Kite Mistress)

# സേവനസന്നദ്ധരായി റെഡ്ക്രോസ്





കർമ്മനിരതരായി ഗൈഡ്സ്



വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ ലിറ്റൽ കൈറ്റുകൾ



# MORE LOVE

# MORE POWER

I will worship you with all my heart

I will worship you with all my mind

I will worship you with all my strength

For you are my lord

Yes.......... you are my lord

More love more love more power

more of you in my life

by

Vijayaiekshmi

8C



# The little boy and the old man

Said the little some times I drop my spoon

Said the little old man I do that too

The little boy whispered I wet my pants

I do that too laughed the little old man

Said the little boy I often cry

The old man nodded so do I

But worst of all said the boy

It seems grown ups do not pay

Attention to me

And be felt warmth of  wrinkled

Old hand I know what you mean

Said the little old man

By

Anno Mahith

STD:9B



# The Mountain and the Squirrel

The mountain and the squirrel had a quarrel ,
and the farmer called the later 'little prig' bun replied
you are doubles very big;
but all sorts of things and weather
must be taken in together to make up a year
and a sphere
and I think it no disgrace
to occupy my place

Aleesha Muhammed
8C



# MOTHER

The moral lesson
to me is my mother
the opens her heart to me
that ´s my mother
she tries to keep ,
me safe in her hands
there is my mother
the empbacises me
even in her sleep
oh my mother
she cares me a lot
oh  wow that ´s.....,that  ´s
all about my wonderful
loving mother




Aleena Jose

9A

## A TRUE FRIEND

This is the story of Pinku, a little pup. He was a small white pup. It has blue eyes. It has two pink ears. There is a black spot on its left ear, “Bow...wow...”It barker in a baby voice. Subin went near the pup.Subin had a biscuit in his pocket. He took it out. Subin it held out the biscuit “Come on... take it . This is for you.” Subin said to the pup. Pinku was coming towards the children. He was holding a ball in his mouth. A red ball! Hey, thats mine”cried Reena. Pinku drope the ball on the ground. He wagged his tail. “Pinku is our hero” said Subin “Come Pinku” Subin said “BOW...WOW”Pinku barked , Subin looked around. He licked Subin's feet. “ Hey, whats the matter with you?” Subin asked .Pinku looked at Subin “Come lets go”Subin said “bow...wow...”Pinku barked again. He pulled at Subin's pants.He began to shout at Pinku “ WHAT HAPPEN TO YOU DOG!” poor Pinku began to bark again. Subin get angry and leave Pinku there. After he went to home and he forgot something “Where is my watch? Oh! I forgot to take it from the tree near the pond. Pinku tried to stop me . Poor Pinku i was angry with him, I am sorry Pinku” Subin felt sad.

He ran back to the place where he had leave Pinku.Pinku was crying.Subin run to Pinku.Pinku started to run to Subin they hugged each other and they go back to home happily.

**BY : NITHA S MANOJ**



# The Horse Riding

Jimmy was very fat boy .He always used to be sad because of his obesity so he decided to consult a doctor. He asked the doctor,"how can I reduce my weight? Everybody teases me at the school ".

The doctor advised him to exercise daily after a few days, he again went to the doctor and complaint that despite of exercising, he couldn't reduce his weight rather, putting on weight.

The doctor asked him what exercise he was doing. Jimmy replied "I go for horse riding every day. The

result is that I gained weight while the horse lost his weight.


The doctor laughed and showed him how to exercise

Noor Fathima

9B



# Jawaharlal Nehru



Jawaharlal Nehru the first prime minister of the independent India.He was born on 14th november 1889. He was born in Allahabad as the son of Motilal Nehru. He was a great lawyer. His wife was Kamala Nehru his daughter was Indira gandhi,our first women prime minister. Pandit Nehru loved children, and the Children called him Chacha Nehru with love. He always wore a rose on his dress. His birthday is celebrated as "National Children's Day".He was one of the builders of modern India."Discovery of India", "Glimpses of World History" were some of his famous books. He worked with Mahatma Gandhi to free India from British rule and become the first Prime Minister of free India. He died on 27th May 1964.



AlthafMuhammed

9A

# Life and Literature



Literature is the reflection of life of the age in which it is produced or written. It provides a true and actual record of the social ,economic,political and religious condition of the time. The literate man is found to be affected by the incidents and happenings of the society in which we live .An artist is a product of the society .literature is made of reality and falsehood. But its function is to create an imaginary world. The quality of literature depends on the quality of the mind which produces it. Literature and society are co-related . They cannot be separated. Literature is the mirror of the life. The literary artists shape the society with their genius and technique . It is the written document of the men and women . Hence literature cannot be kept aloof from life. It may be stated that life is literature and literature is life.

Claisy Thankan

(Kite Mistress)

# നന്ദി

മുത്തും പവിഴവും കോർത്തിണക്കിയ സുന്ദരമാല്യം പോലെ വൈഖരിയുടെ ഓരോ ഇതളുകളും കോർത്തിണക്കിയ ഏവർക്കും  നന്ദിയുടെ ഒരായിരം കോമള ഹാരങ്ങൾ .

നന്ദി...................... നന്ദി ................നന്ദി

